**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**

**പ്രസിദ്ധീകരണത്തിന്**

23.10.2025

## (1) സംസ്കൃത സർവകലാശാലയിൽ പി.ജി. ഡിപ്ലോമ ഇൻ ട്രാൻസ്‌ലേഷൻ സ്റ്റഡീസ് ആരംഭിക്കും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പി.ജി. ഡിപ്ലോമ ഇൻ ട്രാൻസ് ലേഷൻ സ്റ്റഡീസ് പ്രോഗ്രാം ആരംഭിക്കുവാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. വിവർത്തന പഠന കേന്ദ്രത്തിന് കീഴിൽ ആരംഭിക്കുവാനാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. പിഎച്ച്. ഡി. കോഴ്സിന്റെ സുഗമമായ പ്രവർത്തനത്തിന് റിസർച്ച് ഡയറക്ടറേറ്റ് രൂപീകരിക്കും. പുതുതായി പ്രാബല്യത്തിൽ വന്ന മൂന്ന് ക്രിമിനൽ നിയമങ്ങൾ സർവ്വകലാശാലയുടെ അക്കാദമിക് കരിക്കുലത്തിൽ ഉൾപ്പെടുത്തും. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നാച്ചുറൽ ഹസാർഡ്സ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ഓൺലൈൻ കോഴ്സായി ആരംഭിക്കുന്നതിന് തീരുമാനിച്ചു.

## (2) സംസ്കൃത സർവകലാശാല : സിൻഡിക്കേറ്റ് സ്ഥിരം സമിതികൾ പുനഃസംഘടിപ്പിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് സ്ഥിരം സമിതികൾ പുനഃസംഘടിപ്പിച്ചു. അഡ്വ. കെ. എസ്. അരുൺകുമാർ (സ്റ്റാഫ് ആന്റ് ലീഗൽ), പ്രൊഫ. (ഡോ) മാത്യൂസ് ടി. തെള്ളി (ലൈബ്രറി), അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ. (ഫിനാൻസ്, അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ്), ഡോ. ടി. മിനി (സ്റ്റുഡന്റ്സ് വെൽഫെയർ), ഡോ. എം. സത്യൻ (അക്കാദമിക് ആൻഡ് റിസർച്ച്), ആർ. അജയൻ (പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ്), ഡോ. ബി. അശോക് (വർക്ക്സ് ആൻഡ് പർച്ചേയ്സ്), ഡോ. വിനീത് ആർ.എസ്. (ഓൺലൈൻ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ്), ഡോ. വി. ലിസി മാത്യു (പരീക്ഷ), ഡോ. കെ. ഉണ്ണികൃഷ്ണൻ (പബ്ലിക്കേഷൻ), ഡോ. ഓമന പി. വി. (ഐ.ടി ആൻഡ് സോഷ്യൽ മീഡിയ) എന്നിവരാണ് പുതിയ സ്ഥിരം സമിതി കൺവീനർമാർ.

## (3) സംസ്കൃത സർവകലാശാല : പിഎച്ച്. ഡി. നേടിയവർ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും നാദം പി.എസ്. (സൈക്കോളജി), പ്രിയ പി.ആർ. (സംസ്കൃതം വ്യാകരണം), ലയ മാത്യു (സൈക്കോളജി), അഞ്ജു ജെ. (സംസ്കൃതം വേദാന്തം), കീർത്തി മേരി ഫ്രാൻസിസ് (സംസ്കൃതം സാഹിത്യം), കീർത്തന വി.വി. (സംസ്കൃതം ന്യായം), ഷൈജു കെ. (മലയാളം), സൗമ്യ പി.കെ. (ട്രാൻസ്‌ലേഷൻ സ്റ്റഡീസ്), സൗമ്യ ആർ. നായർ (മ്യൂസിക്), ദേവഹർ വി. (സംസ്കൃതം സാഹിത്യം), സ്മിത കെ.പി. (മലയാളം), രാകേഷ് കെ. (ഫിലോസഫി) എന്നിവർക്ക് പിഎച്ച്. ഡി. നൽകുവാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## (4) സംസ്കൃത സർവകലാശാലയിൽ പൂർവ്വ വിദ്യാർത്ഥി സംഗമം 25 ന്

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പൂർവ്വ വിദ്യാർത്ഥി സംഗമം (സ്മൃതി മധുരം) ഒക്ടോബർ 25 ന് കാലടി മുഖ്യ കാമ്പസിലുള്ള ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ രാവിലെ 10 മുതൽ വൈകിട്ട് 3 വരെ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. രാവിലെ 10 ന് വൈസ്-ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി പൂർവ്വ വിദ്യാർത്ഥി സംഗമം ഉദ്ഘാടനം ചെയ്യും. സംവിധായകനും നടനുമായ ദിലീഷ് പോത്തൻ, നടൻ സിനോജ് വർഗീസ് എന്നിവർ മുഖ്യാതിഥികളായിരിക്കും. ബേബി കാക്കശ്ശേരി അദ്ധ്യക്ഷ നായിരിക്കും. ഡോ. ടി. പി. സരിത പ്രസംഗിക്കും. നേട്ടങ്ങൾ കൈവരിച്ച പൂർവ്വ വിദ്യാർ ത്ഥികളെ ആദരിക്കും. സമ്മേളനത്തിന് ശേഷം ഗാനമേള ഉണ്ടായിരിക്കും.

**ജലീഷ് പീറ്റർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ നം. 9447123075**